## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.678. 13.07. 2012-ൽ മറുപടിയ്ക്ക്

## മാനസികാരോഗ്യ കേന്ദ്രങ്ങളുടെ പരിശോധന

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. റ്റി. എ. അഹമ്മദ് കബീർ<br>ശ്രീ. പി. കെ. ബഷീർ<br>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി<br>ശ്രീ. എം. ഉമ്മർ | | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) | |
| (എ) | മാനസികരോഗ ചികിത്സാ മേഖലയിലെ ആധുനിക ഗവേഷണ ഫലങ്ങൾ സംസ്ഥാനത്തെ ചികിത്സാ രംഗത്ത് പ്രയോജനപ്പെടുത്താൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ; | (എ) | ചികിത്സ ഇല്ലാ എന്ന് മുൻകാലങ്ങളിൽ കരുതിയിരുന്ന പല മനോരോഗങ്ങളുടെ ചികിത്സയ്ക്കും ഗവേഷണങ്ങളുടെ ഫലമായി ആധുനിക ഔഷധങ്ങൾ ലഭ്യമായിട്ടുണ്ട്. ഇതിൽ ഉൾപ്പെട്ട പല ഔഷധങ്ങളും സർക്കാർ ആശുപത്രികളിൽ സൗജന്യമായി രോഗികൾക്ക് ലഭിക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതുമൂലം ഗുരുതരമായ പല മനോരോഗങ്ങൾ അനുഭവിച്ചുവരുന്ന ധാരാളം രോഗികളെ ജീവിതത്തിന്റെ മുഖ്യധാരയിൽ തിരികെ എത്തിക്കുവാൻ സാധിച്ചിട്ടുണ്ട്. ഈ ഔഷധങ്ങൾക്ക് പാർശ്വഫലങ്ങൾ താരതമ്യേന കുറവാണ്.<br><br>Modified ECT, മദ്യ മയക്കുമരുന്നുകളുടെ ദുരുപയോഗത്തിന്റെയും അതുമൂലമുണ്ടാകുന്ന മാനസികാരോഗ്യ പ്രശ്നങ്ങളുടെയും ചികിത്സ, സൈക്കോതെറാപ്പി, ഗ്രൂപ്പ് തെറാപ്പി, ഫാമിലി തെറാപ്പി, ബിഹേവിയർ തെറാപ്പി, കൗൺസിലിംഗ്, യോഗ, |

| | | | |
|---|---|---|---|
| | | | ടെലിമെഡിസിൻ എന്നീ ചികിത്സാ രീതികളും മനോരോഗികളുടെ പുനരധിവാസത്തിനായി സാമൂഹ്യാധിഷ്ഠിത പുനരധിവാസ പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്. ആത്മഹത്യാ പ്രതിരോധ രംഗത്ത് ഫലവത്താണെന്ന് ഗവേഷണത്തിലൂടെ കണ്ടെത്തിയിട്ടുള്ള ഒരു ചികിത്സാരീതിയായ ടെലി കൗൺസിലിംഗിന് ഉള്ള സൗകര്യവും ഇന്ന് ലഭ്യമാണ്. മനോരോഗ ചികിത്സയ്ക്ക് ആധുനിക വൈദ്യശാസ്ത്രം കൂടാതെ ആയുർവേദം, ഹോമിയോപ്പതി, തുടങ്ങിയ ചികിത്സാ മാർഗ്ഗങ്ങളും പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. മനോരോഗ ചികിത്സാ രംഗത്ത് മറ്റൊരു പുതിയ കണ്ടെത്തലാണ് രോഗികളുടെ സാമൂഹികാധിഷ്ഠിത ചികിത്സാ പദ്ധതി. മനോരോഗ ചികിത്സയെ ഒറ്റപ്പെട്ട ചികിത്സയായി മാറ്റി നിർത്താതെ പൊതു ചികിത്സാ പദ്ധതിയുടെ (ജനറൽ ഹെൽത്ത് കെയർ) ഭാഗമാക്കി മാറ്റുക എന്നതാണ് ഇത്. മനോരോഗികളെ മനോരോഗാശുപത്രിയുടെ മതിലുകൾക്കുള്ളിൽ തളച്ചിടുന്നതിനു പകരം അവരെ സമൂഹത്തിന്റെ ഭാഗമായി നിലനിർത്തിക്കൊണ്ട് ചികിത്സ നൽകുക എന്നതാണ് ഇതിന്റെ ഉദ്ദേശം. ഇതിനുള്ള നടപടികൾ സംസ്ഥാനത്ത് സ്വീകരിച്ചു വരുന്നു. അടിയന്തിര |

| | | | |
|---|---|---|---|
| | | | ചികിത്സ വേണ്ട മനോരോഗികളുടെ പരിചരണത്തിനുവേണ്ടിയുള്ള ബിഹേവിയർ ഇന്റൻസീവ് കെയർ യൂണീറ്റ് തിരുവനന്തപുരം, തൃശ്ശൂർ, മാനസികാരോഗ്യകേന്ദ്രങ്ങളിൽ രൂപീകരിച്ചിട്ടുണ്ട്. |
| (ബി) | മാനസികരോഗ ചികിത്സയ്ക്ക് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനം എന്തൊക്കെയാണ്; | (ബി) | സർക്കാർതലത്തിൽ 3 മാനസികാരോഗ്യ കേന്ദ്രങ്ങൾ സംസ്ഥാനത്ത് നിലവിലുണ്ട്. ഈ കേന്ദ്രങ്ങളുടെ സേവനം 24 മണിക്കൂറും ലഭ്യമാണ്. അവിടെ ചികിത്സയ്ക്കെത്തുന്ന രോഗികൾക്ക് ഏറ്റവും മെച്ചപ്പെട്ട ചികിത്സ ലഭ്യമാക്കുന്നതിനുള്ള നടപടികളും ടി കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തെ 5 സർക്കാർ മെഡിക്കൽ കോളേജുകളിലും 2 സഹകരണ മെഡിക്കൽ കോളേജുകളിലും ആധുനിക സൗകര്യങ്ങളോടുകൂടിയ മനോരോഗ ചികിത്സാ വിഭാഗം പ്രവർത്തിച്ചു വരുന്നു. ഈ വിഭാഗങ്ങളിൽ മനോരോഗ ചികിത്സ കൂടാതെ ആത്മഹത്യാ പ്രതിരോധ ക്ലിനിക്ക്, വൃദ്ധരായ മനോരോഗികൾക്കായുള്ള ക്ലിനിക്ക്, കുട്ടികൾക്കും കൗമാരപ്രായക്കാർക്കും വേണ്ടിയുള്ള ക്ലിനിക്ക് തുടങ്ങിയ പ്രത്യേക ക്ലിനിക്കുകളും പ്രവർത്തിച്ചു വരുന്നു.<br>14 ജില്ലാ ആശുപത്രികളിലും 12 താലൂക്ക് ആശുപത്രികളിലും |

| | | | |
|---|---|---|---|
| | | | മനോരോഗ ചികിത്സാ സൗകര്യം ഇപ്പോൾ ലഭ്യമാണ്. തിരുവനന്തപുരം, തൃശ്ശൂർ, കണ്ണൂർ, ഇടുക്കി, വയനാട് എന്നീ ജില്ലകളിൽ ജില്ലാ മാനസികാരോഗ്യ പരിപാടികളും കാസർഗോഡ്, മലപ്പുറം, കോഴിക്കോട് എന്നീ ജില്ലകളിൽ സാമൂഹിക മാനസികാരോഗ്യ പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്. എല്ലാ മാനസികാരോഗ്യ കേന്ദ്രങ്ങളിലും മിക്ക ജില്ലാ ആശുപത്രികളിലും ആധുനിക രീതിയിലുള്ള ഷോക്ക് ചികിത്സയ്ക്ക് ഉളള സൗകര്യം ലഭ്യമാണ്. |
| (സി) | പ്രസ്തുത രംഗത്ത് നിലനിന്നിരുന്ന പ്രാകൃത ചികിത്സാരീതികൾ ഇപ്പോഴും തുടരുന്നുണ്ടോ; | (സി) | പ്രാകൃത ചികിത്സാ രീതികൾ പല കേന്ദ്രങ്ങളിലും ഇപ്പോഴും തുടരുന്നുണ്ട്. |
| (ഡി) | മാനസികാരോഗ്യ കേന്ദ്രങ്ങളുടെ പരിശോധനയ്ക്ക് നിലവിലുള്ള സംവിധാനമെന്താണെന്ന് വിശദമാക്കുമോ? | (ഡി) | ജില്ലാ ജഡ്ജി ചെയർമാനായുള്ള ഒരു മോണിറ്ററിംഗ് കമ്മിറ്റിയാണ് സർക്കാർ മാനസികാരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തന മേൽനോട്ടം വഹിക്കുന്നത്. മൊത്തത്തിലുള്ള മേൽനോട്ടം ബഹു. ഹൈക്കോടതിയും നടത്തിവരുന്നു. കൂടാതെ മെന്റൽ ഹെൽത്ത് ആക്ടിലെ സെക്ഷൻ 37 പ്രകാരം 5 അംഗങ്ങളിൽ കുറയാതെയുള്ള ഒരു ബോർഡ് ഓഫ് വിസിറ്റേഴ്സ് സർക്കാർ മാനസികാരോഗ്യ കേന്ദ്രങ്ങളിൽ രൂപീകരിച്ചിട്ടുണ്ട്. മെന്റൽ ഹെൽത്ത് ആക്ടിലെ സെക്ഷൻ 13 പ്രകാരം നിയമിതരായിട്ടുള്ള |

| | | | |
|---|---|---|---|
| | | | ഇൻസ്പെക്ടിംഗ് ഓഫീസർമാർക്ക് പരാതിയുടെ അടിസ്ഥാനത്തിലോ അല്ലാതെയോ സ്വകാര്യ മാനസികാരോഗ്യ കേന്ദ്രങ്ങളിൽ പരിശോധന നടത്തുവാൻ അധികാര മുണ്ട്. |

സെക്ഷൻ ഓഫീസർ